ഭരണഭാഷ-മാതൃഭാഷ

നമ്പർ ഡിഎം1-183902/18 കളക്ടറേറ്റ്,പത്തനംതിട്ട
തീയതി: 20-12-2021 :8PM

**പത്രക്കുറിപ്പ്**
**ജാഗ്രതാ നിർദ്ദേശം**

പമ്പാ ജലസേചന പദ്ധതിയുടെ മണിയാർ ബാരേജിന്റെ സ്പിൽ വേ ഷട്ടറുകളുടെ അടിയന്തിര അറ്റകുറ്റപണികൾ 20/12/2021 മുതൽ 23/12/2021 വരെ ആവശ്യമായി വന്നതിനാൽ, ബാരേജിലെ ജലനിരപ്പ് 29 മീറ്ററായി ക്രമീകരിക്കുന്നതിനായി 21/12/2021 ന്റെ രാവിലെ 6.00 മണിക്ക് ശേഷം ഏതു സമയത്തും മണിയാർ ബാരേജിന്റെ ഷട്ടറുകൾ ഉയർത്തേണ്ടതായി വന്നേക്കാം.

ഇപ്രകാരം ഷട്ടറുകൾ ഉയർത്തുന്നത് മൂലം കക്കാട്ടാറിൽ മിതമായ തോതിൽ ജലനിരപ്പ് ഉയർന്നേക്കാമെന്നുള്ള സാഹചര്യത്തിൽ കക്കാട്ടാറിന്റെയും, പമ്പയാറിന്റെയും തീരത്ത് താമസിക്കുന്ന ആളുകളും മണിയാർ, പെരുനാട്, വടശ്ശേരിക്കര, റാന്നി, കോഴഞ്ചേരി, ആറന്മുള നിവാസികളും പൊതുജനങ്ങളും ജാഗ്രതാ പുലർത്തേണ്ടതും, നദികളിൽ ഇറങ്ങുന്നത് ഏതു സാഹചര്യത്തിലും ഒഴിവാക്കേണ്ടതുമാണ് എന്നറിയിക്കുന്നു

. (ഒപ്പ്)
**ഡോ. ദിവ്യ എസ് അയ്യർ ഐ എ എസ്**
ചെയർപേഴ്സൺ, ജില്ലാ ദുരന്തനിവാരണ അതോറിറ്റി
& ജില്ലാ കളക്ടർ, പത്തനംതിട്ട

പകർപ്പ് :- 1. ജില്ലാ ഇൻഫർമേഷൻ ആഫീസർ, പത്തനംതിട്ട (പത്ര ദൃശ്യ ശ്രാവ്യ സാമൂഹ്യ മാധ്യമങ്ങൾ വഴി പ്രസിദ്ധീകരണത്തിനും വ്യാപക പ്രചാരണത്തിനും)
2. ജില്ലാ ഇൻഫോമാറ്റിക്സ് ആഫീസർ, പത്തനംതിട്ട (വെബ് സൈറ്റിൽ പ്രസിദ്ധീകരണത്തിന്നായി )

More details:Please visit https://pathanamthitta.nic.in/en/dm-warnings/